**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 517** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി സബ് സ്റ്റേഷനുകളുടെ കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് ജില്ലയിലെ വൈദ്യുതി സബ് സ്റ്റേഷനുകളുടെ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പിലേക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസലുകൾ കെ.എസ്.ഇ.ബി.എൽ.-ൽ ലഭിച്ചിട്ടുണ്ട്. 110 kV കുറ്റിക്കോൽ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 33 kV നീലേശ്വരം സബ്സ്റ്റേഷൻ ശേഷി 110 kV ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 220 kV സബ്സ്റ്റേഷൻ വിദ്യാനഗർ, 33 kV സബ്സ്റ്റേഷൻ ആദൂർ, 110 kV സബ്സ്റ്റേഷൻ അനന്തപുരം എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ സബ്സ്റ്റേഷനുകളുടെ ആവശ്യകതയും സാങ്കേതിക സാധ്യതയും പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**(സി)** സബ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**